**എം ജി ബി എഡ് ഏകജാലക പ്രവേശനം: ട്രയൽ അലോട്മെൻറ് പ്രസിദ്ധീകരിച്ചു. : ഓൺലൈൻ അപേക്ഷയിൽ തിരുത്തലുകൾ വരുത്തുന്നതിനും ഓപ്ഷനുകൾ പുതുതായി നല്കുന്നതിനും 20/11/2020 4.00 പി എം വരെ അവസരമുണ്ടായിക്കുന്നതാണ്.**

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ്/സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ ഏകജാലകം വഴിയുള്ള ഒന്നാം വർഷ ബി എഡ് പ്രോഗ്രാമുകളിലേക്കുള്ള ട്രയൽ അലോട്മെൻറ് പ്രസിദ്ധീകരിച്ചു.. ഓപ്ഷനുകൾ 20/11/2020 4.00 പി എം വരെ പുതുക്കാവുന്നതാണ്. കൂടാതെ ഓൺലൈൻ അപേക്ഷയിൽ തെറ്റുകൾ പറ്റിയിട്ടുണ്ടെങ്കിൽ തിരുത്തലുകൾ വരുത്തുന്നതിനും 20/11/2020 4.00 പി എം വരെ അവസരമുണ്ടായിരിക്കുന്നതാണ്. അപേക്ഷകർക്ക് ഉചിതമായ ഓപ്ഷനുകൾ തെരഞ്ഞെടുക്കുന്നതിലേക്കായി അപേക്ഷകർ ഓപ്ഷനായി നൽകിയിട്ടുള്ള വിവിധ പ്രോഗ്രാമുകളിലെ ഇൻഡക്സ് മാർക്കും, ട്രയൽ അലോട്മെൻറിലെ വിവിധ പ്രോഗ്രാമുകളിലെ ലാസ്റ്റ് റാങ്ക് വിശദാംശങ്ങളും പ്രൊവിഷണൽ റാങ്ക് ലിസ്റ്റും വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷകർക്ക് തങ്ങൾ ഓപ്ഷനായി നൽകിയിട്ടുള്ള വിവിധ പ്രോഗ്രാമുകളിലെ ഇൻഡക്സ് മാർക്ക്, വെബ്സൈറ്റിൽ നൽകിയിട്ടുള്ള വിവിധ പ്രോഗ്രാമുകളുടെ സീറ്റ് വിശദാംശങ്ങൾ, ലാസ്റ്റ് റാങ്ക് വിശദാംശങ്ങൾ, പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് എന്നിവ പരിശോധിച്ച് ഉചിതമായ ഓപ്ഷനുകൾ ആവശ്യമെങ്കിൽ പുതുതായി നൽകുകയോ പുനക്രമീകരിക്കുകയോ ഒഴിവാക്കുകയോ ചെയ്യാവുന്നതാണ്. അപേക്ഷകർക്ക് അപേക്ഷയിലെ കൃത്യത ഉറപ്പു വരുത്തുന്നതിനും അനുയോജ്യമായ ഓപ്ഷനുകൾ നൽകുന്നതിനും ആവശ്യമായ വിവരങ്ങൾ ബി എഡ് ക്യാപ് വെബ്സൈറ്റിൽ (www.cap.mgu.ac.in) നൽകിയിട്ടുണ്ട്. ഒന്നാം അലോട്മൻറ് 25/11/2020നു പ്രസിദ്ധീകരിക്കും.

**ബി എഡ് ക്യാപ്പ്:** സ്പോർട്സ്/പി ഡി ക്വാട്ടാകളിലെ അന്തിമ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രവേശനമാഗ്രഹിക്കുന്നവർ 19/11/2020 4.00 പി എം നു മുൻപായി ബന്ധപ്പെട്ട കോളേജുകളിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.